പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1892 08-03-2018-ൽ മറുപടിക്ക്

ഗിഫ്റ്റ് ന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | 'ഗിഫ്റ്റ്'(GIFT) എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ്; അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം 'ഗിഫ്റ്റ്' ന്റെ പ്രധാന പ്രവർത്തനം എന്താണെന്ന് വിവരിക്കാമോ; | (എ) | 1992 ൽ സ്ഥാപിതമായ സെന്റർ ഫോർ ടാക് സേഷൻ സ്റ്റഡീസ് എന്ന സ്ഥാപനം 2009 ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക് സേഷൻ (ഗിഫ്റ്റ്) എന്ന പേരിൽ പുനർനാമകരണം ചെയ്തു .നികുതി സംബന്ധമായ കോഴ്സുകൾ നടത്തുന്നതിനും,നികുതി ഉദ്യോഗസ്ഥർ,മറ്റ ഗവൺമെന്റ് ഉദ്യോഗസ്ഥർ,പൊതുജനം ,തുടങ്ങിയവർക്ക് നികുതി വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും ,ധനകാര്യം,സാമ്പത്തികം,നികുതി സംബന്ധമായ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും നികുതി നിയമ ജേർണലിന്റെ പ്രസിദ്ധീകരണം (കേരള ടാക് സ് റിപ്പോർട്ടർ) തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ .ജി എസ് ടി നിലവിൽ വന്നതിനു ശേഷവും മേൽ പറഞ്ഞവ തന്നെയാണ് പ്രധാന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| (ബി) | ഈ സ്ഥാപനം മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ലയിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സ്ഥാപനം മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ ലയിപ്പിക്കുന്നതിന് നിലവിൽ ആലോചനയില്ല |

**സെക്ഷൻ ഓഫീസർ**